**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി 2091 വീടുകൾ നിർമ്മിച്ച നൽകുന്നതിനാണ് അനുമതി നൽകിയത്. 14.07.2021 വരെ സംസ്ഥാനത്തൊട്ടാകെ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 24 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി തുടരുന്നു. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾക്ക് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായവും, (ഉയർന്ന പ്രദേശങ്ങളിൽ-1,01,900/- രൂപയും, നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും) ഉൾപ്പെടുന്നു. പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയ്ക്ക് പുറമെ ഗുണഭോക്താക്കൾ അവരുടെ വിഹിതം നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. സഹകാരികൾ, സന്നദ്ധ സംഘടനകൾ, സുമനസ്സുകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികൾ ആയും അനുവദിക്കുന്ന സംഭാവനകളും ടി പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972/- രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800/- രൂപയും ചേർത്ത് ആകെ 70,56,772/- രൂപ അധിക ധനസഹായമായി അതാത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം | ജില്ല | ആകെ വീട്ടുകളുടെ എണ്ണം | കൈമാറിയ വീട്ടുകളുടെ എണ്ണം | പൂർത്തീകരിക്കാനുള്ള വീട്ടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 74 | 69 | 5 |
| 2 | കൊല്ലം | 42 | 42 | 0 |
| 3 | പത്തനംതിട്ട | 114 | 114 | 0 |
| 4 | ആലപ്പുഴ | 201 | 189 | 12 |
| 5 | കോട്ടയം | 83 | 83 | 0 |
| 6 | ഇടുക്കി | 213 | 213 | 0 |
| 7 | എറണാകുളം | 409 | 405 | 4 |
| 8 | തൃശ്ശൂർ | 503 | 501 | 2 |
| 9 | പാലക്കാട് | 206 | 206 | 0 |
| 10 | മലപ്പുറം | 90 | 90 | 0 |
| 11 | കോഴിക്കോട് | 45 | 44 | 1 |
| 12 | വയനാട് | 84 | 84 | 0 |
| 13 | കണ്ണൂർ | 20 | 20 | 0 |
| 14 | കാസർഗോഡ് | 7 | 7 | 0 |
| | ആകെ | 2091 | 2067 | 24 |